കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2011 –2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 7,05,000 രൂപ, 2012-2013 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 5,59,725 രൂപ എന്നിവയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ) നം.2185/2016/തസ്വ.ഭ.വ തിരുവനന്തപുരം,തിയതി 20/07/2016

---

പരാമർശം : 1. നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2015 – തിയതിയിലെ എ 3 - 2516/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 31.08.2015 – തിയതിയിലെ എം3/19216/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.08.2015 തിയതിയിലെ എൽ.എഫ്.8300/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2011 –2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം 24 മഴവെള്ള സംഭരണികൾ 9,45,000 രൂപാ( ഒൻപത് ലക്ഷത്തി നാൽപ്പത്തിയയ്യായിരം മാത്രം) ചെലവഴിച്ച് നിർമ്മിച്ചത് 24.07.2007 – ലെ സ.ഉ(സാധാ) നം.183/2007/ ത സ്വ ഭ വ- ന്റെ ലംഘനമായി കണ്ടെത്തിയിരുന്നു. 24.07.2007 – ലെ സ.ഉ(സാധാ) നം.183/2007/ ത സ്വ ഭ വ പ്രകാരം ഒരു മഴവെള്ള സംഭരണിക്ക് 10000 രൂപാ മാത്രമാണ് സബ്സീഡി നൽകുവാൻ വ്യവസ്ഥയുള്ളതെന്നതിനാൽ അധികമായി നൽകിയ 7,05,000 രൂപാ( ഏഴ് ലക്ഷത്തി അയ്യായിരം മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. സമാനമായി 2012 –2013 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം 17 മഴവെള്ള സംഭരണികൾ 7,29,725 രൂപാ( ഏഴ് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് മാത്രം) ചെലവഴിച്ച് നിർമ്മിച്ചതും മേൽ പരാമർശിത ഉത്തരവിന്റെ ലംഘനമായി കണ്ടെത്തിയിരുന്നതിനാൽ അധികമായി നൽകിയ 5,59,725 രൂപായും( അഞ്ച് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് മാത്രം) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

ഒരു പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തെ സുഗമമാക്കുന്നതിൽ കുടിവെള്ളം നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ ഒരു സമൂഹത്തിന് കുടിവെള്ളം ഉറപ്പ് വരുത്തുക എന്ന പ്രാഥമികമായ ചുമതലയാണ് പഞ്ചായത്ത് നിർവഹിച്ചതെന്നും മഴവെള്ള സംഭരണി നിർമ്മാണം കേവലം ഒരു സബ്സീഡി പ്രൊജക്ടായല്ല നിർവഹിച്ചതെന്നും പകരം കുടിവെള്ള പദ്ധതിയാണ് പഞ്ചായത്ത് നിർവഹിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ ശുപാർശ നൽകിയിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് പണം ചെലവഴിച്ചിരിക്കുന്നതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അറിയിട്ടിട്ടുണ്ട്.

ഇക്കാര്യങ്ങൾ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ച ഘട്ടത്തിൽ ഇക്കാര്യത്തിൽ വകുപ്പുതല തീരുമാനമെടുക്കാൻ നിർദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ടീമിന്റെ ഒരു അന്വേഷണം നടത്തുകയുമുണ്ടായി പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിയതിൽ സബ്സീഡി അധികരിച്ച കാരണത്താൽ മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തിന്റെ 2011 – 2012 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 7,05,000 രൂപാ( ഏഴ് ലക്ഷത്തി അയ്യായിരം മാത്രം), 2012 –2013 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 5,59,725 രൂപായും ( അഞ്ച് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് മാത്രം) ഉൾപ്പെടെ ആകെ മൊത്തം ഈയിനത്തിൽ 12,64,725 രൂപാ ( പന്ത്രണ്ട് ലക്ഷത്തി അറുപത്തിനാലായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് മാത്രം) ചെലവഴിച്ച നെടിയിരുപ്പ് ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാ ഭരണകൂടം മുഖേന വരൾച്ചാ ബാധിത പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാൽ വരും വർഷങ്ങളിൽ വരൾച്ചാ സാധ്യത മുൻകൂട്ടി കാണുന്ന പക്ഷം ഇത്തരത്തിൽ ലഭ്യമാകാനിടയുള്ള ഫണ്ട് മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്തുവാനുള്ള പ്രവർത്തനം പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണെന്നും ഇത്തരത്തിലുള്ള കുടിവെള്ള പദ്ധതികൾ അനിവാര്യത മൂലം പഞ്ചായത്തിന് ഭാവിയിൽ നടപ്പിലാക്കേണ്ടി വരുന്ന പക്ഷം പദ്ധതി മാർഗ്ഗരേഖകൾ പാലിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ ആയതിന് സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണെന്നുമുള്ള കർശന നിർദേശവും പഞ്ചായത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഷിബു. എ.ടി
അണ്ടർ സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, മലപ്പുറം
സെക്രട്ടറി, നെടിയിരുപ്പ് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ